# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 29

## വാർത്താക്കുറിപ്പ്

### ഒന്നാം സെമസ്റ്റർ യു.ജി., പി.ജി.
### പരീക്ഷകൾ പുനക്രമീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല നവംബറിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ യു.ജി.(സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. റഗുലർ) പരീക്ഷകൾ നവംബർ 13നും പി.ജി.(സി.എസ്.എസ്. -റഗുലർ) പരീക്ഷകൾ നവംബർ 12നും ആരംഭിക്കുന്ന വിധം പുനക്രമീകരിച്ചു. ഡിസംബർ രണ്ടു മുതൽ 12 വരെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നടക്കും.

(പി.ആർ.ഒ/39/1905/2019)

### പരീക്ഷഫലം

2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ സ് കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി), നാലാംസെമസ്റ്റർ എം.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് ടെക്നോളജി(സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1906/2019)

2018 നവംബറിൽ നടന്ന രണ്ടാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (ബി.പി.റ്റി-റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1907/2019)

### പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന
### അപേക്ഷകൾ ഓൺലൈനായി മാത്രം

2019 ഒക്ടോബർ 24ന് ഫലം പ്രസിദ്ധീകരിച്ച ഒന്നാം സെമസ്റ്റർ സി .ബി.സി.എസ്. ബിരുദ പരീക്ഷകളുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ ഓൺലൈനായി മാത്രം നൽകണം . സർവകലാശാല വെബ് സൈറ്റിലെ 'സ്റ്റുഡന്റ്സ് പോർട്ടൽ ' ലിങ്കിലൂടെ പ്രവേശിച്ചാണ് അപേക്ഷ നൽകേണ്ടത് . അപേക്ഷയ്ക്കൊപ്പം ഫീസും ഓൺലൈനായി അടയ്ക്കാം . സ്റ്റുഡന്റ്സ് പോർട്ടലിലെ റീവാല്യുവേഷൻ ലിങ്കിലൂടെയാണ് ഫീസ് അടയ്ക്കേണ്ടത്.

(പി.ആർ.ഒ/39/1908/2019)

## ദക്ഷിണേഷ്യൻ രാജ്യാന്തര കോൺഫറൻസ്;
## പ്രബന്ധങ്ങൾ നവംബർ എട്ടുവരെ സമർപ്പിക്കാം

ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ ഭീകരവാദം, സമാധാനം, വികസനം, സുരക്ഷ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്ന രാജ്യാന്തര കോൺഫറൻസ് ഡിസംബർ 19, 20 തീയതികളിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും . സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സും കൊൽക്കത്ത മൗലാന അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യ ൻ സ്റ്റഡീസും സംയുക്തമായാണ് കോൺഫറൻസ് സംഘടിപ്പിക്കുന്നത്. അധ്യാപകർക്കും ഗവേഷകർക്കും വിദ്യാർഥികൾക്കും പങ്കെടുക്കാം . യഥാക്രമം 2000, 1000 രൂപയാണ് രജിസ് ട്രേഷൻ ഫീസ് . ഡിസംബർ 18 വരെയാണ് രജിസ്ട്രേഷൻ. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ സംക്ഷിപ്തം നവംബർ എട്ടിനകം ഡോ. സി. വിനോദൻ, ഡയറക്ടർ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി .ഒ. കോട്ടയം 686560 എന്നവിലാസത്തിൽ സമർപ്പിക്കണം. പൂർണമായ പ്രബന്ധം ഡിസംബർ 10നകം നൽകണം . വിശദവിവരത്തിന് ഇ -മെയിൽ: vinodan.c@gmail.com ഫോൺ: 9249726502, 9400039108.

(പി.ആർ.ഒ/39/1909/2019)

## ഗസ്റ്റ് അധ്യാപക ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിലെ സ് കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഒഴിവുള്ള സൈൻ ലാംഗ്വേജ് ടീച്ചർ ഗസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു . ഒരൊഴിവാണുള്ളത്. യോഗ്യത: ആർ.സി.ഐ. അംഗീകരിച്ച ഇന്ത്യൻ സൈൻ ലാംഗ്വേജ് ഡിപ്ലോമയും മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം അല്ലെങ്കിൽ മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ഇന്ത്യൻ സൈൻ ലാംഗ്വേജ് പി.ജി. ഡിപ്ലോമ. ഡിസെബിലിറ്റി സ്റ്റഡീസ് , സ്പെഷൽ എജ്യുക്കേഷൻ , സൈക്കോളജി, സോഷ്യൽവർക്ക് വിഷയങ്ങളിൽ മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബിരുദമോ പി .ജി.യോ ഉള്ളവർക്ക് മുൻഗണന . താത്പര്യമുള്ളവർ നവംബർ രണ്ടിന് രാവിലെ 11ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എത്തണം.

(പി.ആർ.ഒ/39/1910/2019)

## എം.ജി.യിൽ 31ന് ദേശീയ പുനരർപ്പണ ദിനാചരണം

രാജ്യത്തിന്റെ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചരമവാർഷികദിനം ദേശീയ പുനരർപ്പണ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒക് ടോബർ 31ന് മഹാത്മാഗാന്ധി സർവകലാശായിൽ ദേശീയോദ്ഗ്രഥന പ്രതിജ്ഞയും മൗനാചരണവും നടക്കും . രാവിലെ 10.15 മുതൽ രണ്ടു മിനിട്ട് മൗനാചരണം നടക്കും. തുടർന്ന് ജീവനക്കാർ പ്രതിജ്ഞയെടുക്കും.

(പി.ആർ.ഒ/39/1911/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ